"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ഭക്ഷ്യപൊതുവിതരണം - കോവിഡ് 19 - സംസ്ഥാനത്തെ അഗതി മന്ദിരങ്ങൾ, ക്ഷേമ സ്ഥാപനങ്ങൾ, ആശ്രമങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്ക് ഭക്ഷ്യധാന്യങ്ങളും കിറ്റും വിതരണം ചെയ്യുന്നതിന് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

**ഭക്ഷ്യ പൊതുവിതരണ (ഡി) വകുപ്പ്**

**സ.ഉ.(സാധാ)നം. 108/2020/ഭ.പൊ.വി.വ തീയതി, തിരുവനന്തപുരം,07/04/2020**

================================================================================

**ഉത്തരവ്**

കോവിഡ് 19 - ന്റെ പശ്ചാത്തലത്തിൽ കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും ഭക്ഷ്യധാന്യങ്ങൾ ഉറപ്പാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കുട്ടികൾക്കും മുതിർന്നവർക്കുമായി സർക്കാർ അംഗീകൃതമായി 3000 ത്തോളം അഗതി മന്ദിരങ്ങളുണ്ടെന്നും, നിലവിൽ സ്പോൺസർഷിപ്പ് ലഭിക്കുന്നതിന് ബുദ്ധിമുട്ടുള്ളതിനാൽ ഭക്ഷ്യധാന്യങ്ങളും കിറ്റും പ്രസ്തുത ക്ഷേമ സ്ഥാപനങ്ങൾക്കും കൂടി ലഭ്യമാക്കണമെന്ന് സാമൂഹ്യനീതി വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്.

2. സംസ്ഥാനത്തെ അംഗീകൃതവും അല്ലാത്തതുമായ അഗതി മന്ദിരങ്ങൾ, ക്ഷേമസ്ഥാപനങ്ങൾ, ആശ്രമങ്ങൾ, കോൺവെന്റുകൾ എന്നിവിടങ്ങളിലായി ഏകദേശം ഒരു ലക്ഷത്തോളം അന്തേവാസികൾ ഉണ്ടെന്ന് സിവിൽ സപ്ലൈസ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോവിഡ് – 19 ലോക്ഡൗണിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് വെൽഫെയർ പെർമിറ്റ് മുഖാന്തിരം ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്ന സ്ഥാപനങ്ങൾക്ക് അവരുടെ വിഹിതം (ഒരാൾക്ക് 15 കിലോഗ്രാം വീതം) സൗജന്യമായും അംഗീകൃതമല്ലാത്തതും സർക്കാർ സഹായം ലഭിക്കാത്തതുമായ അഗതി മന്ദിരങ്ങൾ, ക്ഷേമ സ്ഥാപനങ്ങൾ, ക്ഷേമ ആശുപത്രികൾ അതിനു പുറമേ കന്യാസ്ത്രീ മഠങ്ങൾ, ആശ്രമങ്ങൾ തുടങ്ങിയ എല്ലാത്തരം സ്ഥാപനങ്ങളിലുമുള്ളവർക്കും ഒരാൾക്ക് അഞ്ച് കിലോഗ്രാം അരി എന്ന രീതിയിൽ വിതരണം ചെയ്യാൻ ഉത്തരവാകുന്നു. ഇത്തരം

സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് നാലുപേർക്ക് ഒന്ന് എന്ന രീതിയിൽ അവശ്യസാധനങ്ങളുടെ കിറ്റ് നൽകുന്നതിനും ഉത്തരവാകുന്നു.

4. ഇക്കാര്യത്തിൽ ജില്ലാ സാമൂഹ്യനീതി ഓഫീസർ, ജില്ലാ സപ്ലൈ ഓഫീസർ എന്നിവർ സംയുക്തമായി നടപടി സ്വീകരിക്കേണ്ടതും ഭക്ഷ്യധാന്യങ്ങൾ എത്തിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് നടപടി സ്വീകരിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പി വേണുഗോപാൽ ഐ.എ.എസ്.**

**സെക്രട്ടറി**

1. സിവിൽ സപ്ലൈസ് ഡയറക്ടർ, തിരുവനന്തപുരം
2. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ, കൊച്ചി
3. ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്
4. എല്ലാ ജില്ലാ കളക്ടർമാർക്കും
5. എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാർക്കും
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി/ഓഫീസ് സെക്ഷൻ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ